അനുബന്ധം

ആറാം സംസ്ഥാന ധനകാര്യ കമ്മീഷൻ - പരിഗണനാ വിഷയങ്ങൾ

I. പഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും ധനസ്ഥിതി അവലോകനം ചെയ്തുകൊണ്ട് ധനകാര്യ കമ്മീഷൻ താഴെപ്പറയുന്ന കാര്യങ്ങളിൽ ശിപാർശ നടത്തുന്നതായിരിക്കും:

(a) ചുവടെയുള്ളവ ക്രമീകരിയ്ക്കുന്നത് സംബന്ധിച്ച തത്ത്വങ്ങൾ

i. സംസ്ഥാനം ചുമത്തുന്നതും ഭരണ ഘടനയുടെ ഭാഗം IX ഉം ഭാഗം IX-A ഉം പ്രകാരം പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളുമായി പങ്കിടാവുന്നതുമായ നികുതികളുടെയും തീരുവകളുടെയും ചുങ്കങ്ങളുടെയും ഫീസിന്റെയും അറ്റ വരവുകൾ സർക്കാരും പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും തമ്മിൽ പങ്ക് വെയ്ക്കുകയും അങ്ങനെയുള്ള വരവുകളിൽ അവയുടെ പങ്കുകൾ എല്ലാ തലത്തിലുമുള്ള പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കുമിടയിൽ വീതിക്കുകയും ചെയ്യൽ.

ii. പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും നൽകാവുന്ന വിവിധ തരം നികുതി, തീരുവ, ചുങ്കം, ഫീസ് എന്നിവയുടെ നിർണ്ണയം.

iii. സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിൽനിന്നും പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും നൽകാവുന്ന ഗ്രാന്റ്-ഇൻ എയ്ഡ്

(b) താഴെപ്പറയുന്നവയ്ക്ക് പ്രത്യേക പരിഗണന നല്കിക്കൊണ്ട് പഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും സാമ്പത്തിക സ്ഥിതി ശക്തിപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ.

i. അടിത്തറ വികസിപ്പിച്ചും നിർണ്ണയവും പിരിവും മെച്ചപ്പെടുത്തിയും വെട്ടിക്കൽ ഒഴിവാക്കിയും നികുതി നികുതിയേതര വരുമാനം ഉയർത്തുന്നതിനുള്ള ശേഷി വർദ്ധിപ്പിക്കുക.

ii. ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വിപണിയിൽനിന്നും ഫണ്ട് സമാഹരിക്കുന്നതിന് പ്രാദേശിക സർക്കാരുകളെ പ്രാപ്തരാക്കലും ഇത്തരം ശേഷി നേടിയെടുക്കുന്നതിനുള്ള ഒരു രൂപരേഖ നിർദ്ദേശിക്കലും

iii. പണം, സാമഗ്രികൾ എന്നീ ഇനത്തിലുള്ള സംഭാവനകളും സ്പോൺസർഷിപ്പും കോർപ്പറേറ്റ് സോഷ്യൽ റസ്പോൺസിബിലിറ്റി (C.S.R) ഫണ്ടും മുഖേന അധിക വിഭവ സമാഹരണം

iv. തനത് വിഭവ സമാഹരണം വർദ്ധിപ്പിക്കുന്ന പ്രാദേശിക സർക്കാരുകൾക്ക് പ്രോത്സാഹനം നൽകൽ.

v. ഫലം മെച്ചപ്പെടുത്തുന്നതിനായി പ്രോഗ്രാമുകൾക്കും സ്കീമുകൾക്കും ഉചിതമായ രീതിയിലുള്ള ഫണ്ട് സ്വരൂപിക്കൽ.

vi. ധനകാര്യ മാനേജ് മന്റ് മെച്ചപ്പെട്ടത്തലും വിനിയോഗത്തിൽ മിതത്വവും നൈപുണ്യവും കൈവരിയ്ക്കലും സാമ്പത്തിക ഉത്തരവാദിത്തം നിറവേറ്റലും.

II. ധനകാര്യ കമ്മീഷൻ ചുവടെയുള്ള കാര്യങ്ങളിലും ശിപാർശ നടത്തുന്നതായിരിക്കും

(a) കൂടിശ്ശികവരുത്തുന്ന ഫണ്ടുകൾ ഉൾപ്പെടെയുള്ള ഫണ്ടുകളുടെ വിതരണത്തിന്റെ ഗതി നിർണ്ണയിക്കുക

(b) സർക്കാർ, സർക്കാരിതര ഏജൻസികൾ എന്നിവയിൽ നിന്നും പ്രാദേശിക സർക്കാരുകൾക്ക് കിട്ടാനുള്ളതും അവയ്ക്ക് പ്രാദേശിക സർക്കാർ നല്കാനുള്ളതുമായ തുകകളുടെ തീർപ്പാക്കൽ ഉറപ്പാക്കുക.

(c) ബജറ്റിംഗ്, അക്കൗണ്ടിംഗ്, ഓഡിറ്റിംഗ് സംവിധാനങ്ങളും നടപടിക്രമവും മെച്ചപ്പെടുത്തുക.

(d) ഭൗതികവും ധനപരവുമായ വശങ്ങളും അവയുടെ ഫലപ്രദമായ വിനിയോഗവും ഉൾപ്പെടെ പ്രാദേശികതല ആസൂത്രണത്തിനുള്ള വിവരശേഖരം സൃഷ്ടിക്കുക.

(e) ആസ്തികളുടെ ക്രമമായ പരിപാലനം ഉൾപ്പെടെയുള്ള വിഷയങ്ങളിൽ പ്രാദേശിക സർക്കാരുകളുടെ ആസൂത്രണത്തിന്റെ ഗുണമേന്മ വർദ്ധിപ്പിക്കുക.

(f) ഉചിതമായ നിർമ്മാണ സാങ്കേതിക വിദ്യയുടെ പ്രയോഗം ഉൾപ്പെടെയുള്ള മാർഗ്ഗങ്ങളിലൂടെ പ്രാദേശിക സർക്കാരുകളുടെ ആസ്തികളുടെ ഗുണനിലവാരം ഉയർത്തുക.

(g) ഇ – ഗവേണൻസിലൂടെയും സാമൂഹ്യ സംരംഭങ്ങളിലൂടെയും സേവന പ്രദാന സ്ഥാപനങ്ങളെ മാനേജ് ചെയ്യ് പ്രദേശിക സർക്കാരുകളുടെ ഭരണ നിലവാരം ഉയർത്തുക.

(h) ദുരന്ത നിവാരണത്തിന ഫലപ്രദമായ സംഭാവന നൽകാൻ പ്രാദേശിക സർക്കാരുകളെ പ്രാപ്തരാക്കുക.

(i) സാമൂഹ്യ ഉത്തരവാദിത്തം ഉൾപ്പെടെ പ്രാദേശിക സർക്കാരുകളുടെ ഉത്തരവാദിത്തം വർദ്ധിപ്പിക്കുക.

(j) പ്രാദേശിക സർക്കാരുകളുടെ പ്രകടനം നിരീക്ഷിക്കുന്ന സംവിധാനം മെച്ചപ്പെടുത്തുക

(k) പ്രാദേശിക സർക്കാരുകളെ സഹായിക്കുന്ന ഇൻഫർമേഷൻ കേരളാ മിഷൻ, ശുചിത്വ മിഷൻ, കില, സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ തുടങ്ങിയ സ്ഥാപനങ്ങളുടെ നിർവ്വഹണ ചുമതല ശാക്തീകരിക്കുക

III. കഴിഞ്ഞ അഞ്ച് സംസ്ഥാന ധനകാര്യ കമ്മീഷനുകളുടെ സർക്കാർ അംഗീകരിച്ച ശിപാർശകൾ നടപ്പിലാക്കിയത് സംബന്ധിച്ച് അവലോകനം നടത്തുകയും അവ പൂർണ്ണമായും നടപ്പാക്കുന്നതിനുള്ള ഉചിതമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുക.

IV. പ്രാദേശിക സർക്കാരുകളുടെ 1995 മുതലുള്ള ആകെ പ്രകടനവും അവയുടെ ലക്ഷ്യങ്ങളും വിലയിരുത്തുകയും അവയുടെ കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുക.

വിനയൻ. വി.എസ്
പെൻ 139760
അക്കൗണ്ട്സ് ഓഫീസർ
ആറാം സംസ്ഥാന ധനകാര്യ കമ്മീഷൻ
തിരുവനന്തപുരം